TRANSPORT COMMISSIONERATE
KERALA
INWARD No:
RECEIVED ON 17 JAN 2017

**കേരള സർക്കാർ**

**നം.എച്ച്1/373/2016/പൊ.മ.വ** **പൊതുമരാമത്ത് (എച്ച്) വകുപ്പ്**

തിരുവനന്തപുരം, തീയതി: 13.01.2017.

അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, ഗതാഗതവകുപ്പ്
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്,
കമ്മീഷണർ, മോട്ടോർവെഹിക്കിൾ വകുപ്പ്, തിരുവനന്തപുരം,
കമ്മീഷണർ, റോഡ് സേഫ്റ്റി അതോറിറ്റി, തിരുവനന്തപുരം,
ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ട്രാഫിക്), തിരുവനന്തപുരം,
ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും/ദേശീയപാത), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം,
പ്രോജക്ട് ഡയറക്ടർ, കെ.എസ്.റ്റി.പി., തിരുവനന്തപുരം,
എല്ലാ ജില്ലാകളക്ടർമാർക്കും,
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, വാട്ടർ അതോറിറ്റി, തിരുവനന്തപുരം,
ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തിരുവനന്തപുരം.

സർ,

വിഷയം :- പൊതുമരാമത്ത് വകുപ്പ് - റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ - ശുപാർശകൾ - സംബന്ധിച്ച്.

........

2017 ജനുവരി മുതൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ ശുപാർശകളും, ഇതുമായി ബന്ധപ്പെട്ട് 21.12.2016-ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ മിനിറ്റ്സ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

**ദിലീപ്കുമാർ റ്റി.ഐ.**

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

# റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ ശുപാർശകൾ ചർച്ച ചെയ്യുന്നതിനായി ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.12.2016-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് 21.12.2016-ന് രാവിലെ 10 മണിക്ക് യോഗം ആരംഭിച്ചു. പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറി, ട്രാൻസ്പോർട്ട് വകുപ്പ് സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ, പോലീസ് ഐ.ജി (ട്രാഫിക്), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. 2017 ജനുവരി ഒന്നു മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിന്റെ കരട് നിർദ്ദേശങ്ങളിന്മേൽ വിശദമായ ചർച്ച നടത്തുകയും ആക്ഷൻ പ്ലാൻ അംഗീകരിക്കുകയും ചെയ്തു. താഴെപ്പറയുന്ന കാര്യങ്ങൾ കൂടി കൂട്ടതലായി ഉൾക്കൊള്ളിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതിന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി നിർദ്ദേശിച്ചു.

1 റോഡിൽ സ്ഥിരമായി പാർക്ക് ചെയ്യുന്ന വാഹനങ്ങൾ കണ്ടെത്തുകയും കർശന നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2 സെക്രട്ടേറിയറ്റിലെ ട്രാഫിക് സംവിധാനവും പാർക്കിംഗും സംബന്ധിച്ച ഒരു Action Plan കൂടി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

3 മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് നിർബന്ധമായും റദ്ദ് ചെയ്യേണ്ടതാണ്.

4 കുട്ടികളുമായി ഇരുചക്രവാഹനങ്ങളിൽ വളരെ അശ്രദ്ധയോടെയും അലക്ഷ്യമായും സ്ത്രീകൾ ഉൾപ്പെടെ യാത്ര ചെയ്യുന്നതും, അപകടങ്ങൾ വരുത്തുന്നതും നിത്യസംഭവമാകുന്നു. ഇതിനെതിരെ കർശനമായ നടപടി സ്വീകരിക്കേണ്ടതാണ്.

5 റോഡ് കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നോട്ടീസ് അടിയന്തിരമായി നൽകേണ്ടതാണ്. Condemn ചെയ്ത വാഹനങ്ങൾ, KSEB പോസ്റ്റുകൾ, KWA പൈപ്പുകൾ തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകൾ റോഡുകളിൽ നിന്നും അടിയന്തിരമായി മാറ്റേണ്ടതാണ്.

6 PWD-യുടെ അനുവാദമോ അറിവോ ഇല്ലാതെ പോസ്റ്റുകളും പൈപ്പുകളും റോഡിൽ ശേഖരിക്കുന്നതും തന്മൂലമുണ്ടാകുന്ന അപകടങ്ങൾക്കും ജീവഹാനിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർമാർക്കെതിരെ അതാത് വകുപ്പുകൾ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

7 Highway Protection Act പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ Road Safety Action Plan നടപ്പാക്കുകയും പബ്ളിക് റിലേഷൻസ് വകുപ്പ് വഴി ഇത്

തദ്ദേശസ്വയംഭരണ സ്ഥാപനം/കോർപ്പറേഷൻ/പഞ്ചായത്ത് മേധാവികളെ ഇക്കാര്യങ്ങൾ ധരിപ്പിക്കേണ്ടതാണ്.

8 അപകടമുണ്ടാക്കുന്നതും അനാവശ്യവുമായ മരങ്ങൾ മുറിച്ച് മാറ്റേണ്ടതാണ്. ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നത് നന്നായിരിക്കും.

9 അവ്യക്തവും തെറ്റിദ്ധരിപ്പിക്കുന്നതുമായ സൈൻ ബോർഡുകൾ ഉടൻ തന്നെ മാറ്റുകയും പുതിയവ സ്ഥാപിക്കേണ്ടതുമാണ്.

10 ഗവൺമെന്റ് ഉടമസ്ഥതയിലുള്ളതും വെറുതെ കിടക്കുന്നതുമായ സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്.

11 വാഹനം ഡ്രൈവ് ചെയ്യുന്ന എല്ലാവർക്കും Safe Driving സംബന്ധിച്ച ക്ലാസ്സ് നിർബന്ധമായും നല്കേണ്ടതാണ്. ഡ്രൈവിംഗ് ലൈസൻസ് ഇൻസ്റ്റിറ്റ്യൂട്ട്, വലിയ വാഹനങ്ങൾ, കാറുകൾ, ഓട്ടോറിക്ഷകൾ, ടൂവീലറുകൾ എന്നീ വാഹനങ്ങൾ ഡ്രൈവ് ചെയ്യുന്നവർക്ക് പ്രത്യേകം പ്രത്യേകമായി ക്ലാസ്സുകൾ നൽകേണ്ടതാണ്. ആദ്യഘട്ടത്തിൽ 4 wheel വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ക്ലാസ്സ് നൽകാവുന്നതാണ്. ഇതിനായി ഒരു സ്റ്റേറ്റ് ലെവൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാവുന്നതാണ്. ഇതിനാവശ്യമായ പ്രൊപ്പോസൽ ട്രാൻസ്പോർട്ട് കമ്മീഷണർ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

12 സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ഡ്രൈവർമാർക്ക് വർഷത്തിലൊരിക്കൽ നിർബന്ധമായും Safe Driving Class നല്കേണ്ടതാണ്.

13 കുട്ടികളുടെ സ്വഭാവരൂപവൽക്കരണം, അച്ചടക്കം, ലക്ഷ്യബോധം എന്നീ കാര്യങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുവാൻ Student Police ന് കഴിയും എന്നതിനാൽ എല്ലാ ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും Student Police Unit ആരംഭിക്കേണ്ടതാണ്.

14 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി റോഡിൽ KSEB പോസ്റ്റുകൾ ഇടുന്നത് ഇരു വകുപ്പുകളിലെയും ഉദ്യോഗസ്ഥർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി മാർക്ക് ചെയ്യുന്ന സ്ഥലത്ത് മാത്രമായിരിക്കണം.

15 Highway Protection Act പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും Road Safety Action Plan നടപ്പിലാക്കുന്നതിനും ജില്ലാകളക്ടർമാരും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ഗതാഗതവകുപ്പ് മന്ത്രിയുടെയും, പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ Video Conference നടത്തുന്നതാണ്.

16 Highway Protection Act പ്രകാരമുള്ള നടപടികൾക്കും Road Safety Action Plan പ്രകാരമുള്ള നടപടികൾക്കും ആവശ്യമായ ഫണ്ട് ലഭ്യമാക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതാണ്.

നമ്പർ. ഇ1/19334/റ്റിസി/2016

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 02.02.207

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ റീജിയണൽ ട്രാൻസ്-പോർട്ട് ഒഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്-പോർട്ട് ഒഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ ശുപാർശകൾ - സംബന്ധിച്ച്

സൂചന :- പൊതുമരാമത്ത് (എച്ച്) വകുപ്പിന്റെ 13.01.17-ലെ എച്ച്1/373/2016/പൊ.ഭ.വ. നമ്പർ കത്ത്.

സൂചന പ്രകാരം ലഭിച്ചിട്ടുള്ള റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളുടെ പകർപ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങളിൽ 1,3,4,11,12 എന്നീ പിരിവുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ഇത് സംബന്ധിച്ച് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ
Deepa 4/2/17
ജൂനിയർ സൂപ്രണ്ട്
4/2/17

മോട്ടോർ വാഹന വകുപ്പ്, കേരള